**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3438** **02-03-2023 - ൽ മറുപടിയ്ക്ക്**

**കേര രക്ഷാവാരം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തെങ്ങിന്റെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കേര രക്ഷാവാരം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. 2022 -23 വർഷം, സംസ്ഥാനത്ത് ഉടനീളം കേര രക്ഷാ വാരം ഘടകം നടപ്പിലാക്കുന്നു. പച്ചിലവളങ്ങളുടെ പ്രാധാന്യം, തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിന്റെ പ്രസക്തി, കീടരോഗ നിയന്ത്രണം എന്നിവയെക്കുറിച്ച് കർഷകർക്ക് അവബോധം നൽകുവാൻ പരിശീലന പരിപാടികൾ നടത്തുന്നു. കേരഗ്രാമങ്ങൾ ഉൾപ്പെടുന്ന പ്രദേശത്താണ് പദ്ധതി നടത്തിപ്പിന് ഊന്നൽ നൽകിയിട്ടുള്ളത് (പഴയതും പുതിയതും). ഈ പദ്ധതി ഘടകത്തിൽ പച്ചിലവളം പ്രയോഗത്തിന് പ്രാധാന്യം നൽകുന്ന തെങ്ങിന്റെ വിളവ് കൂട്ടുന്നതിന്റെ ഭാഗമായി മണ്ണിന്റെ വളക്കൂർ വർദ്ധിപ്പിക്കുവാൻ പച്ചിലവളവിത്ത് (പയർ, ഡൈഞ്ച, ചണമ്പ്) നൽകുന്നു. പച്ചില വള ചെടികൾ പൂവിടുന്ന സമയമാകുമ്പോൾ മണ്ണിലേക്ക് ഇളക്കി ചേർക്കുന്നു. അതുവഴി മണ്ണിന്റെ ഘടനയും വളക്കൂറും മെച്ചപ്പെടുന്നു. കൂടാതെ, പച്ചിലവള ചെടികളെ, ആവരണ വിളയായിട്ടും, കാലിത്തീറ്റയായും മണ്ണൊലിപ്പ് തടയുന്നതിനും പ്രയോജനപ്പെടുത്തുന്നു. ഇതിനായി ഒരു തെങ്ങിന് 6.25രൂപ എന്ന നിരക്കിൽ 50 ലക്ഷം തെങ്ങുകൾക്ക് സബ്സിഡി നൽകുന്നു. ശീമക്കൊന്നയുടെ ശിഖരങ്ങൾ വെട്ടി മണ്ണിൽ ചേർക്കുന്നത് മൂലം ജൈവാംശം മണ്ണിലേക്ക് കൂടുതലായി എത്തിച്ചേരുന്നു. ശീമക്കൊന്ന വെച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി രണ്ടു രൂപ സബ്സിഡി നിരക്കിൽ 50 ലക്ഷം ശീമക്കൊന്ന കമ്പുകൾ നൽകുന്നു. തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടങ്ങൾ, രോഗങ്ങൾ, അവയുടെ നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം കർഷകർക്ക് നൽകുവാൻ പരിശീലന പരിപാടി പദ്ധതിയിൽ ഉൾപെടുത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | സംസ്ഥാന പ്ലാൻ വിഹിതമായി 433 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. |
| (ബി) | തെങ്ങിൻ തോട്ടങ്ങളിൽ പച്ചില വളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, കീട നിയന്ത്രണ മാർഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം തുടങ്ങിയവ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, കീട രോഗ നിയന്ത്രണം എന്നിവയെ കുറിച്ചുള്ള ബോധവൽകരണം നടത്തുന്നതിനായി 1025 പരിശീലനങ്ങൾ കേര രക്ഷ വാരം ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | തെങ്ങിന്റെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം നേടുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | പദ്ധതി പുരോഗതി അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ